

## ഓരോ ഇന്ത്യൻ പൗരനും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

### വോട്ടർ പട്ടികയിൽ എങ്ങനെ പേര് ചേർക്കും?

*18 വയസ് പൂർത്തിയായ ഒരു ഇന്ത്യൻ പൗരനാണ് വോട്ടവകാശമുള്ളത്. എന്നാൽ 17 വയസിൽ തന്നെ മുൻകൂറായി വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിക്കാൻ സാധിക്കും. അപേക്ഷ സമർപ്പിച്ച ശേഷം, ജനുവരി 1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നീ നാല് യോഗ്യതാ തീയതികളിൽ എന്നാണോ 18 വയസ് പൂർത്തിയാകുന്നത്, ആ യോഗ്യതാ തീയതിയിൽ അപേക്ഷ പരിശോധിക്കുകയും അർഹത അനുസരിച്ച് വോട്ടർ പട്ടികയിൽ ഇടം പിടിക്കുകയും ചെയ്യും.തുടർന്ന് വോട്ടർ ഐഡി കാർഡ് ലഭിക്കുകയും ചെയ്യും.

*FORM 6 വഴിയാണ് പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർക്കാനായി അപേക്ഷിക്കേണ്ടത്.

*വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ് വഴിയോ, www.nvsp.in എന്ന വെബ്സൈറ്റ് വഴിയോ ഫോം 6 പൂരിപ്പിക്കാം. ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ (ERO) അല്ലെങ്കിൽ ബൂത്ത് ലെവൽ ഓഫീസർ വഴിയോ ഫോം 6 പൂരിപ്പിക്കാം.

*പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, പ്രായം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പി എന്നിവയാണ് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ.

*നിങ്ങൾ നൽകിയ അഡ്രസിൽ വേരിഫിക്കേഷനായി ബിഎൽഒ സന്ദർശിക്കും. തുടർന്നാണ് വോട്ടർ പട്ടികയിൽ ഇടം പിടിക്കുകയും, വോട്ടർ ഐഡി കാർഡ് ലഭിക്കുകയും ചെയ്യുക.

*FORM 6A – പ്രവാസി വോട്ടർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കാം

*FORM 6B – ആധാർ നമ്പർ വോട്ടർ പട്ടികയുമായി ബന്ധിപ്പിക്കാം

*FORM 7 – വോട്ടർപട്ടികയിൽ ഉൾപ്പെടുത്തിയതിനെതിരെ ആക്ഷേപം ഉന്നയിക്കുക / പട്ടികയിൽ നിന്ന് പേര് ഒഴിവാക്കൽ

*FORM 8 – തെറ്റ് തിരുത്തൽ, അഡ്രസ് മാറ്റം, വോട്ടർ കാർഡ് മാറ്റം, ഭിന്നശേഷിക്കാരെ അടയാളപ്പെടുത്തൽ

*എന്നിരുന്നാലും മേൽവിലാസം മാറുന്ന പക്ഷം, ഫോറം 6 ൽ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

*ഒരു വ്യക്തി ഒന്നിൽ കൂടുതൽ വോട്ടർപ്പട്ടികകളിൽ ഉൾപ്പെടാൻ പാടുള്ളതല്ല.

**ECI's Help Line is 1800-11-1950**

## വോട്ട് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

*ആദ്യം നിങ്ങളുടെ പേര് വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാം. സിഇഒ കേരള വെബ്സൈറ്റിലൂടെയോ താലൂക്ക് ഓഫീസിലെ ഇലക്ഷൻ വിഭാഗം വഴിയോ അറിയാൻ സാധിക്കും.വോട്ടെടുപ്പ് ദിവസത്തിന് മുമ്പ് തന്നെ ഇക്കാര്യം പരിശോധിക്കുകയും, നിങ്ങളുടെ പേര് ഉൾപ്പെട്ടിട്ടില്ലെങ്കിൽ പേര് ചേർക്കാനായി അപേക്ഷിക്കുകയും ചെയ്യണം.

*പോളിംഗ് സ്റ്റേഷനിലേക്ക് നിങ്ങളുടെ EPIC (വോട്ടർ ഐഡി കാർഡ്) അല്ലെങ്കിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച നിർദ്ദിഷ്ട തിരിച്ചറിയൽ രേഖ കൊണ്ടുവരണം.

*പോളിങ് ബൂത്തിനകത്ത് ഒരുതരത്തിലുമുള്ള ഉപകരണങ്ങൾ അനുവദിക്കില്ല.

*പോളിംഗ് ബൂത്തിൽ കടന്ന ശേഷം, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനിൽ (ഇവിഎം) നിങ്ങൾ തിരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥികളുടെ പേരിന് നേരെയുള്ള ബട്ടൺ അമർത്തുക, നിങ്ങൾക്ക് 'ബീപ്പ്' ശബ്ദം കേൾക്കും.

*നിങ്ങളുടെ വോട്ട് നിങ്ങൾ ഉദ്ദേശിച്ച സ്ഥാനാർത്ഥിക്ക് തന്നെ ലഭിച്ചിട്ടുണ്ടോയെന്ന് അറിയാൻ, വോട്ടർ വെരിഫയബിൾ പേപ്പർ ഓഡിറ്റ് ട്രയൽ (VVPAT) പരിശോധിക്കാം. VVPAT ഏകദേശം 7 സെക്കൻഡ് സമയം വിവരങ്ങൾ പ്രദർശിപ്പിക്കും.

*നിങ്ങൾക്ക് ഒരു സ്ഥാനാർത്ഥിയെയും പിന്തുണയ്ക്കാൻ താൽപ്പര്യമില്ലെങ്കിൽ, നിങ്ങൾക്ക് നോട്ട (NOTA) എന്ന ഓപ്ഷൻ അമർത്താം.

*ധാർമികമായി വോട്ടവകാശം വിനിയോഗിക്കുന്നതിനൊപ്പം വോട്ടിടുന്നതിൽ ശരിയായ തീരുമാനമെടുക്കാനും നമുക്ക് സാധിക്കണം.



@Ceokerala

Chief Electoral Officer Kerala

@ceokeralaoffice

Chief Electoral Officer Kerala

www.ceo.kerala.gov.in

ELECTORAL LITERACY CLUB

No Voter to be Left Behind

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, കേരളം

# ഇലക്ടറൽ ലിറ്ററസി ക്ലബ്ബ്

ELECTORAL LITERACY CLUB

No Voter to be Left Behind

ഓരോ വോട്ടും വിലപ്പെട്ടത്



"വലിയൊരു ലോകം നന്നാവാൻ
ചെറിയൊരു സൂത്രം ചെവിയിലോതാം
ഞാൻ സ്വയം നന്നാവുക"

-കുഞ്ഞുണ്ണിമാഷ്



## എന്താണ് ഇലക്ടൽ ലിറ്ററസി ക്ലബ്ബുകൾ?

തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം യുവതലമുറയിലേയിലേക്കും ഭാവി വോട്ടർമാരിലേക്കും, രസകരമായ പ്രവർത്തനങ്ങളിലൂടെ എത്തിക്കുകയാണ് തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകളുടെ ലക്ഷ്യം. അതോടൊപ്പം, ഒരു വോട്ടറുടെ അവകാശങ്ങളെയും തിരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്താനും ഇലക്ടൽ ലിറ്ററസി ക്ലബ്ബുകൾ സഹായിക്കും. സ്കൂൾ, കോളജ് വിദ്യാർഥികൾ ക്ലബ്ബുകളുടെ ഭാഗമാവുക വഴി അവരിൽ രാഷ്ട്രീയത്തിനതീതമായി നിഷ്പക്ഷമായി തിരഞ്ഞെടുപ്പ് അവബോധം വളർത്താം. ലിംഗ, വർണ്ണ,പ്രായ ഭേദമന്യേ എല്ലാവരെയും ഉൾക്കൊള്ളുന്ന തിരഞ്ഞെടുപ്പ് എന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ ആപ്തവാക്യം സാധൂകരിക്കുന്നതിലേക്കാണ് രാജ്യമെമ്പാടും തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്.

- ELC ക്ലബ്ബുകൾ എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതും, ഒപ്പം ഭിന്നശേഷിക്കാരായ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും വേണം.
- ഇലക്ടൽ ലിറ്ററസി ക്ലബ്ബുകളിലൂടെ യുവ വോട്ടർമാരുടെ തിരഞ്ഞെടുപ്പ് പങ്കാളിത്തം ഉയർത്തുകയാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ലക്ഷ്യം വയ്ക്കുന്നത്.



## ക്ലബ്ബിൽ നാം എന്തെല്ലാം ചെയ്യണം?

വിദ്യാർഥികളെ ചിന്തിപ്പിക്കാനും ചോദ്യങ്ങൾ ഉണർത്താനും പ്രേരിപ്പിക്കുന്ന രീതിയിലാണ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളും ഗെയിമുകളും. ഓരോ വോട്ടും വിലപ്പെട്ടതാണെന്നും ഒരു വോട്ടും പാഴാക്കരുതെന്നുമുള്ള സന്ദേശം പിന്തുടരാൻ വിദ്യാർഥികളെ പ്രാപ്തരാക്കണം. രസകരമായ ആക്ടിവിറ്റീസിലൂടെ, വോട്ടർ പട്ടികയിൽ എങ്ങനെ പേര് രജിസ്റ്റർ ചെയ്യാം, വോട്ടെടുപ്പ് നടക്കുന്നത് എങ്ങനെ, വോട്ടിംഗ് മെഷിനുകളുടെ പ്രവർത്തനം തുടങ്ങി തിരഞ്ഞെടുപ്പ് പ്രക്രിയ വിശദമായി പരിചയപ്പെടാനും വിദ്യാർഥികൾക്ക് അവസരമുണ്ട്.

## കോളേജ്/യൂണിവേഴ്സിറ്റി – ഇഎൽസി ക്ലബ്ബുകളുടെ ഘടന എങ്ങനെ?

1. ഒരു കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിലെയോ അല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗത്തിലെയോ ഒന്നോ രണ്ടോ അധ്യാപകരാവും ആ കോളേജിലെ ഇഎൽസി നോഡൽ ഓഫീസറായി പ്രവർത്തിക്കുക.
2. ക്യാമ്പസ് അബാസിഡർമാർ ഇഎൽസിയുടെ കൺവീനറായിരിക്കും. ഇഎൽസിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും നോഡൽ ഓഫീസർമാരെ സഹായിക്കേണ്ടതും ഇവരാണ്.
3. ഒരു എക്സികൂട്ടീവ് കമ്മിറ്റിയായിരിക്കും ക്ലബ് നിയന്ത്രിക്കുക

## എക്സികൂട്ടീവ് കമ്മിറ്റിയുടെ കടമ എന്ത്? രൂപീകരിക്കുന്നത് എങ്ങനെ?

ഓരോ ക്ലാസ്സിലെയും ELC അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് എക്സികൂട്ടീവ് കമ്മിറ്റി രൂപീകരിക്കുന്നത്.

വോട്ടർമാരായി എൻറോൾ ചെയ്തിട്ടുള്ളതും എന്നാൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ വിദ്യാർത്ഥി/യൂത്ത് വിംഗുമായി ബന്ധമില്ലാത്തതുമായ വിദ്യാർത്ഥികൾ മാത്രമേ അംഗങ്ങൾ ആകാൻ സാധിക്കൂ.

## നോഡൽ ഓഫീസറുടെ കർത്തവ്യം എന്താണ്?

നോഡൽ ഓഫീസർ ELC യുടെ ഉപദേശകനായിരിക്കും. ELC രജിസ്ട്രേഷനും മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കും ചീഫ് ഇലക്ടറൽ ഓഫീസറുടെയോ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസുമായോ ബന്ധപ്പെടുകയും ഏകോപിപ്പിക്കുകയും ചെയ്യും.



## ഇഎൽസി ക്ലബ്ബിൽ ആർക്കെല്ലാം അംഗങ്ങളാവാം?

* സ്കൂൾ – 9 മുതൽ 12 ആം ക്ലാസ് വരെയുള്ള കുട്ടികൾ (പ്രായം 14–17)
* കോളജ് – 18 മുതൽ 25 വയസ് വരെ പ്രായമുള്ളവർക്ക്

## ഇഎൽസി ക്ലബ്ബിൽ എങ്ങനെ ഭാഗമാകാം?

*ക്ലബ്ബിന്റെ ഭാഗമാവാൻ അതത് സ്കൂളിനോ കോളേജിനോ CEO കേരള വെബ്സൈറ്റിലൂടെയോ (www.ceo.kerala.gov.in), (https://ecisveep.nic.in/electoral literacy clubs/) രജിസ്റ്റർ ചെയ്യാം. വെബ്സൈറ്റിലെ ക്ലബ്ബ് സെലക്ട് ചെയ്താൽ നിങ്ങളുടെ സ്കൂളോ കോളജോ രജിസ്റ്റർ ചെയ്യാൻ സാധിക്കും. നിങ്ങളുടെ അപേക്ഷ അതത് ജില്ലാ ഇലക്ഷൻ ഓഫീസർമാർ അംഗീകരിക്കും.
*അല്ലെങ്കിൽ ചീഫ് ഇലക്ടറൽ ഓഫീസിൽ നേരിട്ടെത്തിയോ, അതത് കളക്ടേറ്റുകളിലെത്തിയോ ക്ലബ്ബുകളുടെ ഭാഗമാവാം.



## ഇഎൽസിക്ക് ആവശ്യമായ റിസോഴ്സസ് എങ്ങനെ ലഭിക്കും?

സ്കൂൾ/ കോളേജ് അടിസ്ഥാനത്തിൽ ഇംഗ്ലീഷിലും മലയാളത്തിലും ക്ലബ്ബിന്റെ പ്രവർത്തനം വിവരിക്കുന്ന റിസോഴ്സ് ഗൈഡുകൾ തയ്യാറാക്കിയിട്ടുണ്ട്. സിഇഒ കേരള വെബ്സൈറ്റിലൂടെ(www.ceo.kerala.gov.in) സൗജന്യമായി ഇത് ഡൗൺലോഡ് ചെയ്യാം. ഇതോടൊപ്പം, കൂടുതൽ വിവരങ്ങൾക്ക് ഇഎൽസികൾക്ക് ഒരു പൊതു കൈപ്പുസ്തകവും ലഭ്യമാണ്.

## ഇഎൽസിയുടെ പ്രവർത്തനങ്ങൾ എവിടെ നടത്തും?

ഇഎൽസി പ്രവർത്തനങ്ങൾ ഏത് ക്ലാസ് റൂമിലും നടത്താം. ക്ലാസുകൾക്ക് ശേഷമോ അല്ലെങ്കിൽ എക്സികൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം ഇഎൽസിയുമായി ബന്ധപ്പെട്ട സെഷനുകൾ നടത്താവുന്നതാണ്.

## ക്ലബ്ബിന്റെ പ്രാധാന്യം എന്ത്?

വോട്ടെടുപ്പിന്റെ ധാർമ്മിക മൂല്യത്തെയും, അവകാശങ്ങളെയും കുറിച്ചുള്ള കൃത്യമായ ധാരണയാണ് ജനാധിപത്യത്തിന്റെ സുദൃഢമായ അടിത്തറയ്ക്ക് അനിവാര്യം. തിരഞ്ഞെടുപ്പ് ബോധവത്ക്കരണ പരിപാടിയായ SVEEP–ന്റെ കീഴിൽ, തിരഞ്ഞെടുപ്പ് പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.
സ്കൂളുകളിലെയും കോളേജുകളിലെയും തിരഞ്ഞെടുപ്പ് സാക്ഷരത ഉയർത്തുന്നതിനായി ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്വപ്ന പദ്ധതിയാണ് ഇലക്ടറൽലിറ്ററസി ക്ലബ്ബ്.